**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938** **10-03-2025 - ൽ മറുപടിയ്ക്ക്**

**മീനച്ചിലാറിന് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിൽ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ ധാരാളം മാലിന്യം അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്ത് ആറിന് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2023-ൽ പാലാ മണ്ഡലത്തിൽ മീനച്ചിലാറ്റിലെ മൂന്നിലവ്/ വാഗക്കാട് ചെക്ക് ഡാമിൽ അടിഞ്ഞു കൂടിയിരുന്ന എക്കൽ/ മണ്ണ് എന്നിവ e-auction വഴി നീക്കം ചെയ്ത് ആറിന്റെ നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. പാലാ മണ്ഡലത്തിൽ തന്നെ മീനച്ചിലാറ്റിലെ കളരിയാമാക്കൽ ചെക്ക് ഡാമിൽ അടിഞ്ഞു കൂടിയിരുന്ന മുളകളും മറ്റ് മാലിന്യങ്ങളും 2024-ൽ നീക്കം ചെയ്തിട്ടുണ്ട്. മറ്റ് ചെക്ക് ഡാമുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ/ മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനായി മണ്ണിന്റെ സാംപിൾ പരിശോധിച്ച് വില നിശ്ചയിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി DDMA-യുടെ ചെയർമാനായ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മീനച്ചിലാറ്റിലേക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട കൈവഴികൾ, രേഖകളിലെ അളവിൻ പ്രകാരം ആഴവും വീതിയും കൂട്ടി മാലിന്യം നീക്കം ചെയ്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | മീനച്ചിലാറ്റിലെ പ്രധാനപ്പെട്ട കൈവഴികളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ താഴെപറയുന്നു.<br><br>(I)രാമപുരം പഞ്ചായത്ത് ഏഴാച്ചേരിത്തോട് ഭരണങ്ങാനം പഞ്ചായത്ത് മീനാറ തോട്, മണിയംമാക്കൽ തോട് എന്നിവ ആഴംകൂട്ടി വൃത്തിയാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>(II) രാമപുരം പഞ്ചായത്ത് പുതുവേലി തോട്, മരങ്ങാട്ടുപള്ളി പഞ്ചായത്ത് വലിയതോട് എന്നിവയിൽ പ്രവൃത്തികൾ നടന്നു വരുന്നു.<br><br>(III) തിടനാട് പഞ്ചായത്ത് ചിറ്റാർ തോട്ടിൽ തിടനാട് ഭാഗത്തെ ഡിസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മണ്ണിന്റെ വിലനിർണ്ണയം അംഗീകരിക്കാൻ DDMA യുടെ valuation ന് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് e-auction നടത്തി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ